# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 14.09.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇന്ധനത്തിന്റെ ഉപയോഗം കുറച്ച് ഊർജ്ജ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള ദൗത്യത്തിലാണ് രാജ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says the country is on a mission to reduce its dependence on foreign fuel and achieve self-sufficiency in the energy sector.**

2. വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ പ്രാദേശിക ഭാഷകളുടെ സംരക്ഷണവും പ്രോത്സാഹനവും സുപ്രധാനമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says that protecting and promoting regional languages is important in building a developed India.**

3. ന്യൂഡൽഹിയിൽ ദേശീയ കാർഷിക സമ്മേളനത്തിൽ കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളെ അധ്യക്ഷത വഹിക്കും.

   **Union Agriculture Minister Shivraj Singh Chouhan to chair the National Agriculture Conference in New Delhi tomorrow.**

4. 2047 ഓടെ 30 ട്രില്ല്യൺ ഡോളർ സമ്പദ് വ്യവസ്ഥയുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ.

**Union Minister Piyush Goyal says that India will become a country with a 30 trillion dollar economy by 2047.**

5. **പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നാളെ ആരംഭിക്കും.**

**The 14th session of the 15th Kerala Legislative Assembly to begin tomorrow**

6. **ഏഷ്യ കപ്പ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം അല്പസമയത്തിനകം ; വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയക്ക് 282 റൺസ് വിജയലക്ഷ്യം.**

**India-Pakistan clash in Asia Cup men's cricket soon; Australia set a target of 282 runs against India in women's ODI cricket.**

*****************************

## PM-ASSAM BIO ETHANOL PLANT - INTRO

വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇന്ധനങ്ങളെ ആശ്രയിക്കുന്നത് ലഘൂകരിച്ച് ഊർജ്ജ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ദൗത്യത്തിലാണ് രാജ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അസമിൽ ബയോ എഥനോൾ പ്ലാന്റ് ഉദ്ഘടാനം ചെയ്ത ശേഷം പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ്ജ മേഖലയെ ശക്തിപ്പെടുത്തുന്നതിനൊപ്പം സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവട് വെയ്പ്പാണ് ഈ പദ്ധതിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

രാജ്യത്തെ ആദ്യ മുള അധിഷ്ഠിത ബയോ റിഫൈനറി അസമിലെ ഗോലാഘട്ടിൽ ഉദ്ഘാടനം ചെയ്ത അദ്ദേഹം poly propylene യൂണിറ്റിനും തറക്കല്ലിട്ടു.

*****************************

## EVE PM-ASSAM VISIT

ഇന്ന് രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദി അസമിൽ 18,530 കോടിയിലധികം രൂപയുടെ അടിസ്ഥാന സൗകര്യ, വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ വടക്കുകിഴക്കൻ മേഖലയ്ക്ക് വളരെ വലിയ പങ്കുണ്ടെന്നും ഈ മേഖലയിലെ കണക്റ്റിവിറ്റിയിൽ സർക്കാർ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*****************************

## SHAH-GUJ-HINDI SAMMELAN

വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ പ്രാദേശിക ഭാഷകളുടെ സംരക്ഷണവും പ്രോത്സാഹനവും സുപ്രധാനമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഗുജറാത്തിലെ ഗാന്ധിനഗറിൽ ഹിന്ദി ദിനവും അഞ്ചാമത് അഖിലേന്ത്യാ രാജ്ഭാഷാ സമ്മേളനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹിന്ദിയെ പിന്തുണയ്ക്കുന്നതിനൊപ്പം മാതൃഭാഷയെ ബഹുമാനിക്കണമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. സമ്മേളനത്തിൽ വിവിധ കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്നുള്ള 7,000-ത്തിലധികം ഉദ്യോഗസ്ഥർ പങ്കെടുത്തു .

*****************************

## AGRICULTURE-CONFERENCE

കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളെ ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ കാർഷിക സമ്മേളനം - റാബി അഭിയാൻ 2025-ൽ അധ്യക്ഷത വഹിക്കും. റാബി കർഷകർക്ക് നേട്ടം, ഉൽപാദന ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, സുസ്ഥിര കാർഷിക സമ്പ്രദായം

പ്രോത്സാഹിപ്പിക്കൽ, ദേശീയ ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ എന്നിവ ദ്വിദിന സമ്മേളനം ചർച്ചചെയ്യും. രാജ്യത്തുടനീളമുള്ള കാർഷിക വിദഗ്ധർ, ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ, വിവിധ സംസ്ഥാന സർക്കാർ പ്രതിനിധികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.

*****************************

## GOYAL-MEDIA CONCLAVE

2047 ഓടെ 30 ട്രില്ല്യൺ ഡോളർ സമ്പദ് വ്യവസ്ഥയുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമ സ്ഥാപനത്തിന്റെ വാർഷിക കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പണപ്പെരുപ്പം നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കിയ ശ്രീ പീയുഷ് ഗോയൽ, വില നിയന്ത്രണത്തിനാണ് 2014 ൽ അധികാരത്തിലെത്തിയപ്പോൾ സർക്കാർ മുൻഗണന നൽകിയിരുന്നതെന്നും പറഞ്ഞു.

*****************************

## FINANCE MINISTER - CHENNAI

ദീപാവലി, ദുർഗ്ഗാ പൂജ, നവരാത്രി തുടങ്ങിയ ഉത്സവ കാലങ്ങൾക്ക് മുമ്പ് ജി.എസ്.ടി 2.0 അവതരിപ്പിച്ചത് എല്ലാ ഇന്ത്യക്കാർക്കും ഗുണം ചെയ്യുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. 99 ശതമാനം സാധനങ്ങളുടെയും ജി.എസ്.ടി 12 ൽ നിന്ന് 5 ശതമാനമായി കുറച്ചതായി ചെന്നൈയിൽ നടന്ന വ്യാപാര വ്യവസായ അസോസിയേഷന്റെ സംയുക്ത സമ്മേളനത്തിൽ ധനമന്ത്രി പറഞ്ഞു. ജി.എസ്.ടി സമ്പ്രദായം ഒരു രാഷ്ട്രം ഒരു നികുതി എന്നതിലേക്ക് നയിച്ചുവെന്നും 7.18 ലക്ഷം കോടി രൂപയായിരുന്ന മൊത്ത വരുമാനം 22 ലക്ഷം കോടി രൂപയായി വർദ്ധിച്ചതായും ധനമന്ത്രി പറഞ്ഞു.

*****************************

## RAJNATH- KOLKATA VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ രണ്ട് ദിവസത്തെ കൊൽക്കത്ത സന്ദർശനം നാളെ മുതൽ. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുന്ന സംയുക്ത കമാൻഡർമാരുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. പരിഷ്കരണം, പരിവർത്തനം, പ്രവർത്തന സന്നദ്ധത എന്നിവയിലായിരിക്കും ഈ വർഷത്തെ സംയുക്ത കമാൻഡർമാരുടെ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് രാജ്യരക്ഷാമന്ത്രി പറഞ്ഞു.

*****************************

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും. അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് ആദ്യ ദിനം സഭ പിരിയും. അടുത്ത മാസം 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക.

*****************************

## INCOME TAX RETURN

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************

## CRICKET–ASIA CUP

ഏഷ്യ കപ്പ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം അല്പസമയത്തിനകം ആരംഭിക്കും. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം.

******************************

## WOMENS ODI CRICKET

ഇന്ത്യക്കെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയക്ക് 282 റൺസ് വിജയലക്ഷ്യം. ന്യൂ ചണ്ഡീഗഢിൽ നടക്കുന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 7 വിക്കറ്റിന് 281 റൺസ് എടുത്തു. മറുപടി ബാറ്റിംഗിൽ ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ ഓസ്ട്രേലിയ 26.5 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ166 റൺസ് എടുത്തിട്ടുണ്ട്.

******************************

## BOXING

ലിവർപൂളിൽ നടക്കുന്ന ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 48 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ മീനാക്ഷി ഹൂഡയ്ക്ക് സ്വർണ്ണം. കസാഖിസ്ഥാൻ താരം നസിം കസായിബേയെയാണ് മീ നാക്ഷി തോൽപ്പിച്ചത്. ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ രണ്ടാം സ്വർണ്ണമാണിത്.

******************************

## BIRLA NATIONAL CONF – INTRO

പുരുഷന്മാർക്കൊപ്പം സ്ത്രീകളുടെയും തുല്യപങ്കാളിത്തം ഉറപ്പാക്കി മാത്രമേ രാജ്യപുരോഗതി സാധ്യമാകുകയുള്ളുവെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പാർലമെൻറ്, നിയമസഭകൾ എന്നിവിടങ്ങളിലെ സ്ത്രീ ശാക്തീകരണ സമിതിയുടെ രണ്ട്

ദിവസത്തെ ദേശീയ സമ്മേളനം ആന്ധ്രാപ്രദേശിലെ തിരുപ്പതിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. (വോയ്സ്)

*****************************

## ASSAM-EARTHQUAKE

അസമിലെ വടക്ക് - കിഴക്കൻ പ്രദേശങ്ങളിൽ ഭൂചലനം. റിക്ടർ സ്കെയിലിൽ 5.9 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ പ്രഭവ കേന്ദ്രം ഉദൽഗുരി ജില്ലയിലാണ്. ആളപായമോ നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഭൂട്ടാൻ, നേപ്പാൾ, ബംഗ്ലാദേശ് എന്നീ അയൽരാജ്യങ്ങളിലും ഭൂചലനത്തിന്റെ പ്രകമ്പനങ്ങൾ അനുഭവപ്പെട്ടു.

*****************************

## GST- SPECTACLES

12 ശതമാനം നികുതി ചുമത്തിയിരുന്ന കണ്ണടകൾക്കും ലെൻസുകൾക്കും പുതുതലമുറ ജിഎസ്ടി പരിഷ്കാരങ്ങളിലൂടെ നികുതി 5 ശതമാനമായി കുറഞ്ഞു. കാഴ്ച പരിമിതി നേരിടുന്ന വിദ്യാർത്ഥികൾ, പ്രായമായവർ, താഴ്ന്ന വരുമാനമുള്ളവർ എന്നിവർക്ക് ഇത് ആശ്വാസകരമായി. ഈ പരിഷ്കാരങ്ങൾ രാജ്യത്തിന്റെ ആരോഗ്യ സംരക്ഷണ സംവിധാനത്തെയാകെ ശക്തിപ്പെടുത്തുമെന്നാണ് വിലയിരുത്തൽ.

*****************************

## AMIT KHARE

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന്റെ സെക്രട്ടറിയായി മുൻ ഐ എ എസ് ഉദ്യോഗസ്ഥൻ അമിത് ഖരെയെ നിയമിച്ചു. നേരത്തെ വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സെക്രട്ടറിയായിരുന്നു അദ്ദേഹം.

*****************************

## INTERNATIONAL WORLD CONGRESS

18-ാമത് ഇൻക്ലൂഷൻ ലോകസമ്മേളനത്തിന് നാളെ ദുബായിയിൽ തുടക്കമാകും. ഭിന്നശേഷിക്കാരുടെ അവകാശങ്ങളേക്കുറിച്ചുള്ള യു.എൻ കൺവൻഷൻ പോലുള്ള ആഗോള നേട്ടങ്ങൾ സമ്മേളനം ചർച്ച ചെയ്യും. ഷാർജ എക്സ്പോ സെന്ററിലാണ് മൂന്ന് ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഷാർജ ഭരണാധികാരി ഷെയ്ഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖ്വയ്സി ഉദ്ഘാടനം ചെയ്യും. 74 രാജ്യങ്ങളിൽ നിന്നുള്ള 850 ലേറെ പ്രതിനിധികൾ പങ്കെടുക്കും.

*****************************

## TRUMP-NATO TARIFF

റഷ്യയിൽ നിന്ന് നാറ്റോ രാജ്യങ്ങളും ഇന്ധനം വാങ്ങരുതെന്ന് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. റഷ്യയുമായുള്ള ബന്ധം കാരണം ചൈനയ്ക്ക് 50 മുതൽ 100 ശതമാനം വരെയുള്ള തീരുവ ഏർപ്പെടുത്തുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകി. അതെസമയം, ഈ പ്രഖ്യാപനത്തെ ശക്തമായി വിമർശിച്ച് ചൈന രംഗത്തുവന്നു. യുദ്ധങ്ങൾ പ്രശ്നങ്ങൾക്ക് പരിഹാരമല്ലെന്നും ഉപരോധങ്ങൾ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കുമെന്നും ചൈനീസ് വിദേശകാര്യ മന്ത്രി പറഞ്ഞു.

*****************************

## PUNJAB-MoS IB

പഞ്ചാബിലെ വെള്ളപ്പൊക്ക ദുരിതബാധിതർക്കൊപ്പമാണ് സർക്കാരെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പഞ്ചാബിലെത്തിയതാണ് അദ്ദേഹം. അനധികൃത ഖനന പ്രവർത്തനങ്ങളാണ് വെള്ളപ്പൊക്കത്തിന് കാരണമെന്നും ശ്രീ എൽ മുരുഗൻ പറഞ്ഞു. സംസ്ഥാന സർക്കാരുമായി ചേർന്ന് ആവശ്യമായ എല്ലാ സഹായവും കേന്ദ്ര സർക്കാർ ലഭ്യമാക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

***************************

## PLI-PORTAL REOPENING

എയർകണ്ടീഷണറുകൾ, എൽ.ഇ.ഡി-കൾ എന്നിവ ഉൾപ്പെടെയുള്ളവയുടെ ഉത്പാദനത്തിന് ആനുകൂല്യ അധിഷ്ഠിത ഉത്പാദന പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കാനുള്ള പോർട്ടൽ നാളെ മുതൽ വീണ്ടും തുറന്നു നൽകും. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഈ പോർട്ടൽ 30 ദിവസത്തേക്കാണ് തുറക്കുന്നത്. അടുത്തമാസം 14 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

***************************

## AMOEBIC ENCEPHALITIS

കേരളത്തിൽ വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. രോഗം ബാധിച്ച പതിനേഴുകാരൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. കുട്ടി കുളിക്കാനിറങ്ങിയ, ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ നീന്തൽക്കുളം പൂട്ടി വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്ക് അയച്ചു.

****************************************************************
*********************